**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4473** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്ന പദ്ധതി പ്രകാരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷ ലഭിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ പഠനമുറി പദ്ധതിയിലേക്ക് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്നും 47 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യമായ പഠനമുറി എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. കുറഞ്ഞത് 20 വിദ്യാർത്ഥികളെങ്കിലുമുള്ള കോളനികൾ കേന്ദ്രീകരിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി സാമൂഹ്യപഠനമുറി എന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്. |
| (ബി) | നാളിതുവരെയായി എത്ര പഠനമുറികൾ നിർമ്മിച്ചുവെന്നും, ഇതിനായി എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ, വിശദാംശം നൽകുമോ; | (ബി) | നാളിതുവരെയായി 209 പഠനമുറികൾ നിർമ്മിച്ചിട്ടുണ്ട്. ആയതിലേക്കായി 3,80,80,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം പഠനമുറി അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ? | (സി) | ഒരു ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ ഗവ:/ എയ്ഡഡ്/ടെക്നിക്കൽ/സ്പെഷ്യൽ സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് നിലവിലുള്ള വീടിനോടൊപ്പം പഠനമുറി നിർമ്മിക്കുന്നതിന് 2,00,000/- രൂപ ധനസഹായം അനുവദിച്ചു നൽകുന്ന പദ്ധതിയാണിത്. 800 സ്ക്വയർഫീറ്റ് വരെ മാത്രം വിസ്തീർണ്ണമുള്ള വീടുകൾക്കാണ് ടി ധനസഹായം അനുവദിക്കുന്നത്. 4 ഗഡുക്കളായിട്ടാണ് ടി ധനസഹായം ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നത്. പ്രസ്തുത തുക ഉപയോഗിച്ച് 120 സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള പഠനമുറിയാണ് നിർമ്മിക്കേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മുൻഗണന ക്രമത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ